(ബി) നൂറുശതമാനം കേന്ദ്രസഹായ പദ്ധതികൾക്ക് ചെലവഴിക്കുന്ന മുഴുവൻ തുകയും അൻപത് ശതമാനം ധനസഹായ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുകയുടെ 50% വും, 70 % പദ്ധതികൾക്ക് 70% തുകയും കേന്ദ്ര വിഹിതമായി ലഭിക്കുന്നു.

(സി) ഉത്തരം 'എ' യിൽ പരാമർശിക്കുന്ന പദ്ധതികൾക്ക് പുറമേ ലോക ബാങ്ക് സഹായത്തോടെയുള്ള ഐസിഡിഎസ് പദ്ധതി IV-ാം ഘട്ടത്തിനു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്.

(ഡി) പി.എം.ജി.വൈ. പദ്ധതി ഒഴികെയുള്ള എല്ലാ പദ്ധതികളും ഈവർഷവും നടപ്പിലാക്കിവരുന്നു. 'ഒരു കപ്പ് പാലും ഹസ്തദാനവും' എന്ന പേരിൽ മുമ്പു സംസ്ഥാനത്തു നടപ്പിലാക്കിവന്നിരുന്ന പി.എം.ജി.വൈ. പദ്ധതി നിർത്തലാക്കി പകരം മറ്റു സംസ്ഥാനങ്ങളിൽ ടി പദ്ധതി നടപ്പാക്കുന്നതുപോലെ പോഷകാഹാര വിതരണം സംബന്ധിച്ച പദ്ധതി 'ടേക്ക്ഹോം റേഷൻ സ്ട്രാറ്റജി' (ടി.എച്ച്.ആർ.എസ്.) എന്ന പേരിൽ ഈ വർഷം മുതൽ നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരികയാണ്.

(ഇ) സംയോജിത സ്ത്രീ ശാക്തീകരണ പദ്ധതി, ദേശീയ പോഷകാഹാര പരിപാടി എന്നിവയൊഴിച്ചുള്ള എല്ലാ പരിപാടികൾക്കും 2003-2004 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രകാരം നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇവ തുടർപരിപാടികളായതിനാൽ അനുവദിച്ച തുക തുടർ വർഷങ്ങളിൽ ചെലവഴിക്കാവുന്നതാണ്.

സ്പീഡ് ഗവേർണർ

*20 [110] ശ്രീ. ജോർജ് ജെ. മാത്യു:
,, ഇ. എം. അഗസ്തി:
,, വി. ഡി. സതീശൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഘടിപ്പിക്കുന്നതിനുവേണ്ടി സ്പീഡ് ഗവേർണർ വാങ്ങിയിരുന്നുവോ;

(ബി) എങ്കിൽ എത്ര എണ്ണം വാങ്ങി;

(സി) ഓരോന്നിന്റേയും വിലയെത്ര എന്നറിയിക്കാമോ;

(ഡി) കമ്മീഷൻ ക്ഷണിച്ച ശേഷമാണോ ഇവ വാങ്ങിയത്, അല്ലെങ്കിൽ എന്തു കൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) ഇവയുടെ പ്രവർത്തനം മെച്ചപ്പെട്ടുവോ;

(എഫ്) പ്രവർത്തന ക്ഷമത പരിശോധിച്ചതിനുശേഷമാണോ ഇവ വാങ്ങിയത്;

(ജി) ഇവ വാങ്ങാനുള്ള തുക എവിടെ നിന്നാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) വാങ്ങിയിരുന്നു.

(ബി) 800 എണ്ണം.

(സി) 15,960 രൂപ.

(ഡി) കമ്മീഷൻ കഴിച്ച ശേഷമാണ് വാങ്ങിയത്.

(ഇ) നല്ലവണ്ണം പ്രവർത്തിക്കുന്നു.

(എഫ്) അതെ.

(ജി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ഫണ്ടിൽനിന്നും

പുതുതായി അനുവദിച്ച അംഗൻവാടികൾ

*21 [111] ശ്രീ. പി. കെ. അബ്ദുറബ്:
,, യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗൻവാടികൾ പുതുതായി അനുവദിച്ചു;

(ബി) ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ എത്ര വീതം അനുവദിച്ചു എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പുതുതായി അംഗൻവാടികൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന് അവലംബിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) പുതിയ അംഗൻവാടികൾ എന്ന് അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അംഗൻവാടി സെന്ററുകൾ അനുവദിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി ആന്റ് ഇ) 10-ാം പഞ്ചവത്സര പദ്ധതിയിൽ ഐ.സി.ഡി.എസ്. വിപുലീകരിക്കുന്നതിന് കഴിയുകയില്ലെന്നും പുതിയ അംഗൻവാടി കേന്ദ്രങ്ങൾ അനുവദിക്കുവാൻ കഴിയുകയില്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനു നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly